**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 55** **10-06-2024 - ൽ മറുപടിയ്ക്ക്**

**നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ 2018 മാർച്ചിൽ വാങ്ങിയിരുന്നോയെന്ന് അറിയിക്കാമോ; | (എ) | വാങ്ങിയിരുന്നു. |
| (ബി) | ഒരു വർഷ കാലാവധി ഉണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്‌വെയർ ഒരു പ്രാവശ്യം പോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടു പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള വാർഷിക ലൈസൻസിന്റെ കാലാവധി പുതുക്കാൻ കഴിയാതിരുന്നതിനാൽ തുടർന്ന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് പുതുക്കുകയാണെങ്കിൽ തുടർന്നു ഉപയോഗിക്കാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പതിനഞ്ച് ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും അവ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാതെ ചട്ട വിരുദ്ധമായി കെ.എസ്.എഫ്.ഇ. യ്ക്ക് നൽകി ആ സ്ഥാപനത്തിൽ നിന്നും അതിന്റെ തുക സി-ഡിറ്റ് കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | KSFE പ്രവാസി ചിട്ടി പ്രോജക്ടിന്റെ തിരുവനന്തപുരത്തെ ഓഫീസിന്റെയും കോൺടാക്ട് സെന്ററിന്റേയും നിർമ്മാണത്തിനുള്ള പ്രോജക്ട് സിഡിറ്റിനെ ഏൽപ്പിച്ചിരുന്നു. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയ ഒരു പ്രവർത്തിയുടെ ഭാഗമായി സി-ഡിറ്റ് 21 ലാപ് ടോപ്പുകൾ KSFE യ്ക്ക് വാങ്ങി നൽകുകയുണ്ടായി. ഇവയിൽ 15 എണ്ണം സിഡിറ്റിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങി സി-ഡിറ്റി ന്റെ ആസ്തിയായി സ്റ്റോക്കിൽ എടുത്തിട്ടുള്ള ലാപ്ടോപ്പുകളിൽ നിന്നുമാണ് നൽകിയത്. ഇതിന് കരാർ പ്രകാരം ലഭിക്കേണ്ട തുകയാണ് സിഡിറ്റ് കൈപ്പറ്റിയത്. ഇതിൽ ചട്ട വിരുദ്ധമായി ഒന്നും തന്നെയില്ല. |
| (ഡി) | നെസസ്സ്-ടെനേബിൾ സോഫ്റ്റ്‌വെയർ ഉപയോഗിക്കപ്പെടാതെ കാലഹരണപ്പെട്ടത് മൂലമുണ്ടായ സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികൾ ആയവർക്കെതിരെ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് വാങ്ങുന്നതിനായുള്ള തീരുമാനം കൈക്കൊണ്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതിനും, പ്രസ്തുത ഉദ്യോഗസ്ഥർ സി-ഡിറ്റിന്റെ സേവനത്തിലല്ലെങ്കിൽ പോലും, ഈ വ്യക്തികൾക്കെതിരെ സിവിൽ, ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിനും ശുപാർശ ചെയ്തിരുന്നു. 20.01.2018 ലെ GO (Rt) No. 16/2018/ITD |

| | | | |
|---|---|---|---|
| | | | ഉത്തരവ് അനുസരിച്ചാണ് Testing Tools വാങ്ങിയത് . ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് വാങ്ങുന്നതിനു മുമ്പ് സർക്കാർ നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റികളാണ് ശിപാർശകൾ സമർപ്പിക്കേണ്ടത് എന്നും ഇതിൽ തീരുമാനം എടുക്കുന്നതിനു മുൻപ് Requirement study, Market analysis എന്നിവ നടത്തിയിരിക്കണം എന്നും സിഡിറ്റിന് നിർദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് ഉത്തരവാദികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കണമെന്നാണ് വകുപ്പ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ഇ) | പ്രസ്തുത സോഫ്റ്റ്‌വെയർ വാങ്ങിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് വാങ്ങുന്നതിനായുള്ള തീരുമാനം കൈക്കൊണ്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതിനും, പ്രസ്തുത ഉദ്യോഗസ്ഥർ സി-ഡിറ്റിന്റെ സേവനത്തിലല്ലെങ്കിൽ പോലും, ഈ വ്യക്തികൾക്കെതിരെ സിവിൽ, ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിനും ശുപാർശ ചെയ്തിരുന്നു. 20.01.2018 ലെ GO (Rt) No. 16/2018/ITD ഉത്തരവ് അനുസരിച്ചാണ് Testing Tools വാങ്ങിയത് . ഇത്തരത്തിലുള്ള ആപ്ലിക്കേഷൻസ് വാങ്ങുന്നതിനു മുമ്പ് സർക്കാർ നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റികളാണ് ശിപാർശകൾ സമർപ്പിക്കേണ്ടത് എന്നും ഇതിൽ തീരുമാനം എടുക്കുന്നതിനു മുൻപ് Requirement study, Market analysis എന്നിവ നടത്തിയിരിക്കണം എന്നും സിഡിറ്റിന് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ